<u>പതിനാലാം കേരള നിയമസഭ</u>

<u>പതിമൂന്നാം സമ്മേളനം</u>

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 813 30.11.2018-ൽ മറുപടിയ്ക്ക്

## കുടുംബി സമുദായം

| ചോദ്യം: | | ഉത്തരം: | |
|---|---|---|---|
| ശ്രീ.പി.ടി.തോമസ് | | എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | കുടുംബി സമുദായത്തെ പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | ഇല്ല |
| (ബി) | നിലവിൽ ഈ സമുദായത്തിന് അനുവദിച്ചിട്ടുള്ള വിദ്യാഭ്യാസ, തൊഴിൽ സംവരണം എത്ര ശതമാനമാണ്; | (ബി) | പ്രൊഫഷണൽ ഡിഗ്രി കോഴ്സ്, പി.ജി.മെഡിക്കൽ കോഴ്സ്, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി കോഴ്സ്, പോളിടെക്നിക്, ഐ.ടി.ഐ കോഴ്സുകൾ എന്നിവയിൽ 1% സംവരണം അനുവദിച്ചിട്ടുണ്ട്. ആർട്സ് & സയൻസ് കോഴ്സുകളിൽ സർക്കാർ കോളേജുകളിലും യൂണിവേഴ്സിറ്റി ഡിപ്പാർട്ടുമെന്റുകളിലും മറ്റ് പിന്നാക്ക ഹിന്ദു വിഭാഗങ്ങൾക്കൊപ്പം 3% സംവരണവും നൽകുന്നുണ്ട്. ഉദ്യോഗ സംവരണം Residual OBC യോടൊപ്പമാണ് നൽകുന്നത്. ലാസ്റ്റ് ഗ്രേഡ് തസ്തികകളിൽ 6%-വും, ലാസ്റ്റ് ഗ്രേഡിതര തസ്തികകളിൽ 3%-വുമാണ് സംവരണ വിഹിതം. |
| (സി) | ഇവർക്ക് ഇപ്പോൾ സർക്കാരിൽ നിന്നും ലഭിക്കുന്ന മറ്റ് ആനുകൂല്യങ്ങൾ എന്തെല്ലാമാണ്; | (സി) | കുടുംബി സമുദായത്തെ മറ്റർഹ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ പട്ടികജാതി വിഭാഗങ്ങൾക്ക് സാധാരണഗതിയിൽ അനുവദിക്കപ്പെട്ട എല്ലാ വിദ്യാഭ്യാസാനുകൂല്യങ്ങളും ലഭ്യമാണ്. പിന്നാക്ക വിഭാഗ വികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളായ എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം, കരിയർ ഇൻ ഓട്ടോമൊബൈൽ ഇൻഡസ്ട്രി, അഡ്വക്കേറ്റ്സ് ഗ്രാന്റ്, ഓവർസീസ് സ്കോളർഷിപ്പ്, ബാർബർഷോപ്പ് നവീകരണ പദ്ധതി എന്നിവയിൽ മാനദണ്ഡങ്ങൾ പാലിക്കുന്നവർക്ക് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ആനുകൂല്യം അനുവദിക്കുന്നതാണ്. പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ വായ്പാ പദ്ധതികളും ഇവർക്ക് പ്രയോജനപ്പെടുത്താവുന്നതാണ്. |
| (ഡി) | ഈ സമുദായത്തെ സംബന്ധിച്ച് കിർത്താഡ്സ് പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (ഡി) | കുടുംബി സമുദായത്തെക്കുറിച്ച്, കിർത്താഡ്സ് ആരംഭിച്ച പഠനം പൂർത്തിയായിട്ടില്ല. |

സെക്ഷൻ ഓഫീസർ